# വിട, മിയാവാക്കി

വെബ് ഡെസ്ക് | *Updated: Wednesday Aug 4, 2021*





ടോക്യോ
ജാപ്പനീസ് പരിസ്ഥിതി ശാസ്ത്രജ്ഞൻ അകിരാ മിയാവാക്കി(93) അന്തരിച്ചു. ജൂലൈ 16ന് മരിച്ച ഇദ്ദേഹത്തിന്റെ മൃതദേഹം 23ന് സംസ്കരിച്ചതായി കുടുംബം അറിയിച്ചു.

മസ്തിഷ്കാഘാതത്തെ തുടർന്ന് ദീർഘകാലമായി കിടപ്പിലായിരുന്നു. ലോകത്തിന്റെ പല ഭാഗത്തും മിയാവാക്കി കാടുകൾ എന്ന പേരിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. തരിശുഭൂമിയിൽപ്പോലും മുപ്പത് വർഷത്തെ ചെറിയ കാലയളവിൽ സ്വാഭാവിക വനങ്ങൾ സൃഷ്ടിച്ചെടുക്കാം എന്ന ഇദ്ദേഹത്തിന്റെ ആശയം അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പരിസ്ഥിതി പ്രവർത്തനത്തിനുള്ള ബ്ലൂ പ്ലാനറ്റ് പുരസ്കാരമുൾപ്പെടെ ലഭിച്ചിട്ടുണ്ട്.

പ്രധാന വാർത്തകൾ


പാണക്കാട് തങ്ങളെയല്ല; കുഞ്ഞാലിക്കുട്ടിയെയാണ് ഇഡി ചോദ്യം ചെയ്യേണ്ടത്; തങ്ങൾക്കയച്ച നോട്ടീസ് പിൻവലിക്കണം: കെ ടി ജലീൽ


കാരായി രാജനും കാരായി ചന്ദ്രശേഖരനും കണ്ണൂർ ജില്ലയിൽ പ്രവേശിക്കാം; ജാമ്യവ്യവസ്ഥയിൽ ഇളവ് നൽകി ഹൈക്കോടതി


ഇന്ത്യയുടെ ഉരുക്കുകോട്ട; വലയ്ക്കുമുന്നിൽ വൻമതിലായി പി ആർ ശ്രീജേഷ്